**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹം നേരിടുന്ന അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹം നേരിടുന്ന അവഗണന ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആദിവാസി വിഭാഗക്കാർ നിലവിൽ അവഗണന നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പട്ടിക വർഗ വികസന വകുപ്പ് നിരവധി ക്ഷേമ പദ്ധതികൾ പട്ടിക വർഗക്കാർക്കായി നടപ്പിലാക്കി വരുന്നുണ്ട്. കൃത്യമായ ആസൂത്രണത്തിലൂടെയും മോണിറ്ററിങ് സംവിധാനങ്ങളിലൂടെയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരത്തിലുള്ള ഏതെങ്കിലും അവഗണന നേരിടുന്നതായി ശ്രദ്ധയിൽപെട്ടാൽ ആയത് ഗൗരവമായി കണ്ട് നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | സമരത്തിൽ പങ്കെടുക്കാത്തതിനെ തുടർന്ന് കണ്ണൂർ പേരാവൂരിൽ ആദിവാസി സ്ത്രീക്ക് തൊഴിൽ നിഷേധിച്ച സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിലുറപ്പ് സമരത്തിൽ പങ്കെടുക്കാത്തതിനെ തുടർന്ന് കണ്ണൂർ പേരാവൂരിൽ ആദിവാസി സ്ത്രീക്ക് തൊഴിൽ നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിട്ടില്ല. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം പരാതിയിൻമേൽ ഉചിതമായ നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ